2026
OCTOBER
15
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

# ഇന്ത്യ ഏഴ് ശതമാനം വളർച്ച കൈവരിക്കുമെന്ന് ഐഎംഎഫ്

**ന്യൂദൽഹി:** ഇന്ത്യ നടപ്പ് സാമ്പത്തിക വർഷം ഏഴ് ശതമാനം വളർച്ച കൈവരിക്കുമെന്ന് ഐഎംഎഫ്. ഏറ്റവും വേഗത്തിൽ വളരുന്ന രാജ്യം എന്ന നേട്ടം ഇന്ത്യ നിലനിർത്തുമെന്നും ഐഎംഎഫിന്റെ റിപ്പോർട്ട് പ്രവചിക്കുന്നു.

ലോക സമ്പദ് വ്യവസ്ഥക്ക് ഇന്ത്യ സ്ഥിരത നൽകുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രതികരിച്ചു. 20262027 സാമ്പത്തിക വർഷത്തിൽ ഇന്ത്യ 7.1% വളർച്ച കൈവരിക്കുമെന്നാണ് റിസർവ് ബാങ്ക് പ്രതീക്ഷിക്കുന്നത്. ഇതിനോട് യോജിക്കുന്ന നിലപാടാണ് ഐഎംഎഫും സ്വീകരിക്കുന്നത്. ഐഎംഎഫിന്റെ ഇന്ന് പുറത്തിറങ്ങിയ റിപ്പോർട്ടിൽ ഏറ്റവും വേഗത്തിൽ വളരുന്ന രാജ്യമായി ഇന്ത്യ തുടരും എന്നാണ് ചൂണ്ടിക്കാട്ടുന്നത്. ഏതാണ്ട് എല്ലാ വികസിത വികസ്വര രാജ്യങ്ങളെക്കാൾ കൂടുതൽ വളർച്ചാ നിരക്കാണ് ഇന്ത്യയ്ക്ക് ഐഎംഎഫ് പ്രവചിക്കുന്നത്.

7% വളർച്ച ഇന്ത്യയ്ക്കുണ്ടാകുമെന്ന് പറയുന്ന ഐഎംഎഫ് ചൈനയിൽ പ്രതീക്ഷിക്കുന്നത് 4% വളർച്ചയാണ്. അമേരിക്കയിൽ ഇത് 2.3% മാത്രമാണ് വളർച്ച പ്രതീക്ഷിക്കുന്നത്. ദില്ലിയിൽ നടന്ന ബ്ലൂംബെർഗ് ന്യൂ ഇക്കോണമി ഫോറത്തിൽ സംസാരിച്ച പ്രധാനമന്ത്രി രാജ്യത്തിന്റെ വളർച്ചാ നിരക്ക് ചൂണ്ടിക്കാട്ടി.

ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 7.8% വളർച്ച ഉണ്ടായെന്നും ആഗോള രംഗത്തെ ചാഞ്ചാട്ടങ്ങൾക്കിടയിലാണ് ഇന്ത്യയ്ക്ക് പിടിച്ചുനിൽക്കാൻ ആകുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യ ഇന്ത്യയുടെ വളർച്ച ലോകത്ത് സാമ്പത്തിക സ്ഥിരത ഉറപ്പാക്കുന്നുവെന്നും മോദി അവകാശപ്പെട്ടു.

ഇന്ത്യ ജനാധിപത്യത്തിന്റെ മാതാവാണെന്ന് പാശ്ചാത്യ രാജ്യങ്ങളിൽ ഇപ്പോൾ ഉയരുന്ന വിമർശനങ്ങൾക്ക് മോദി പരോക്ഷ മറുപടി നൽകി. സ്വതന്ത്ര മാധ്യമങ്ങൾ ഉള്ള രാജ്യമാണ് ഇന്ത്യ. 50 കോടി യൂട്യൂബ് ഉപഭോക്താക്കളും 50 കോടി ഇൻസ്റ്റഗ്രാം ഉപഭോക്താക്കളും ഇന്ത്യയിലുണ്ട് എന്ന കാര്യവും നരേന്ദ്ര മോദി ഉയർത്തിക്കാട്ടി.

ഇന്ത്യയുടെ വളർച്ചാ നിരക്ക് 7.8 ശതമാനമാണ്. ഈ വളർച്ച ശക്തമായ അടിത്തറയിലാണ് നിലകൊള്ളുന്നത്. 12, 13 വർഷങ്ങൾക്ക് മുമ്പ് ഇന്ത്യയുടെ കറന്റ് അക്കൗണ്ട് കമ്മി ജിഡിപിയുടെ 4 ശതമാനത്തിലധികമായിരുന്നു. കഴിഞ്ഞ വർഷം അത് ഏതാണ്ട് 0.61 ശതമാനമായി കുറഞ്ഞു.




# റെയിൽവേ ചരക്കുനീക്കത്തിൽ 6.14 ശതമാനം വളർച്ച

**ന്യൂദൽഹി:** ഈ വർഷം ചരക്കുനീക്കത്തിൽ തുടർച്ചയായ വളർച്ച രേഖപ്പെടുത്തി ഇന്ത്യൻ റെയിൽവേ. 2025 സെപ്റ്റംബറിലെ 127.52 ദശലക്ഷം ടണ്ണുമായി താരതമ്യം ചെയ്യുമ്പോൾ, 2026 സെപ്റ്റംബറിൽ 135.35 ദശലക്ഷം ടൺ ചരക്ക് കൈകാര്യം ചെയ്തു. 6.14 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. സെപ്റ്റംബറിൽ പ്രധാന ചരക്ക് വിഭാഗങ്ങളിൽ വളർച്ച: ഭക്ഷ്യധാന്യങ്ങളിൽ 25 ശതമാനം, ക്ലിങ്കറിൽ 20 ശതമാനം, ആഭ്യന്തര കണ്ടെയ്നർ ചരക്കുകളിൽ 10 ശതമാനം, കൽക്കരിയിൽ ഒമ്പത് ശതമാനം, മറ്റ് ചരക്കുകളിൽ 8.2 ശതമാനം, മിനറൽ ഓയിലിൽ ആറ് ശതമാനം, ഫിനിഷ്ഡ് സ്റ്റീലിൽ 5.5 ശതമാനം, ഇരുമ്പയിരിൽ 5.2 ശതമാനം.

ഈ വർഷം ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ആറുമാസം ഇന്ത്യൻ റെയിൽവേ മൊത്തം 833.7 ദശലക്ഷം ടൺ ചരക്ക് കൈകാര്യം ചെയ്തു. കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 4.1 ശതമാനം വളർച്ചയാണിത്. ഇതേ കാലയളവിൽ ചരക്കുനീക്കത്തിൽ നിന്നുള്ള വരുമാനത്തിൽ 3.7 ശതമാനം വളർച്ചയും രേഖപ്പെടുത്തിയെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു.





# കിയ ബൈബാക്ക് പ്രോഗ്രാം ഐ.സി.ഇ., ഹൈബ്രിഡ്, ഇ.വി. മോഡലുകളിലേക്കും

**ന്യൂദൽഹി:** കിയ ഇന്ത്യ തങ്ങളുടെ അഷ്വേർഡ് ബൈബാക്ക് പ്രോഗ്രാം ഐ.സി.ഇ. (പെട്രോൾ, ഡീസൽ, സി.എൻ.ജി.), ഹൈബ്രിഡ്, ഇലക്ട്രിക് വാഹന ശ്രേണികളിലേക്ക് വ്യാപിപ്പിച്ചു. വാഹനത്തിന്റെ ഭാവിമൂല്യത്തിൽ കൂടുതൽ ഉറപ്പും എളുപ്പത്തിൽ വാഹനം മാറ്റിവാങ്ങുന്നതിനുള്ള സൗകര്യവും നൽകുന്നതാണ് പദ്ധതി. 3 കൊല്ലത്തിനുള്ളിൽ വാഹനം കമ്പനിക്ക് തിരികെ കൊടുത്താൽ ഐ.സി.ഇ. മോഡലുകൾക്ക് വാങ്ങിയ വിലയുടെ 75 ശതമാനം വരെയും ഇലക്ട്രിക് വാഹനങ്ങൾക്ക് 70 ശതമാനം വരെയും ഉപഭോക്താവിന് തിരികെ ലഭിക്കും.

സോനെറ്റ്, സിറോസ്, ന്യൂ സെൽറ്റോസ്, കാരൻസ്, കാരൻസ് ക്ലാവിസ്, സൊറന്റോ എന്നീ മോഡലുകൾ പദ്ധതിയുടെ പരിധിയിൽ വരും. ഐ.സി.ഇ. വാഹനങ്ങൾക്ക് മൂന്ന്, നാല്, അഞ്ച് വർഷം കാലാവധിയിലും ഇലക്ട്രിക് വാഹനങ്ങൾക്ക് മൂന്ന് അല്ലെങ്കിൽ നാല് വർഷം കാലാവധിയിലും പദ്ധതിയിൽ ചേരാം. പ്രതിവർഷം 10,000, 15,000, 20,000 കിലോമീറ്റർ എന്നിങ്ങനെ മൈലേജ് ഓപ്ഷനുകളുമുണ്ട്. ഓണർഷിപ്പ് കാലയളവിൽ പരമാവധി ഒരു ലക്ഷം കിലോമീറ്റർ വരെ പരിധിയിൽ ഓപ്ഷനുകൾ ലഭ്യമാകും.

വാഹനത്തിന്റെ ഭാവിമൂല്യം വാങ്ങുന്ന സമയത്തുതന്നെ അറിയാൻ കഴിയുന്നത് ഉപഭോക്താക്കൾക്ക് കൂടുതൽ ആത്മവിശ്വാസത്തോടെ വാങ്ങൽ തീരുമാനങ്ങളും ഭാവിയിലെ അപ്ഗ്രേഡുകളും ആസൂത്രണം ചെയ്യാൻ സഹായിക്കുമെന്ന് കിയ ഇന്ത്യ സീനിയർ വൈസ് പ്രസിഡന്റ് (സെയിൽസ് ആൻഡ് മാർക്കറ്റിങ്) അതുൽ സൂദ് പറഞ്ഞു. അംഗീകൃത കിയ ഡീലർമാർ വഴിയാണ് പദ്ധതി ലഭ്യമാകുക.

യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്ന ഉപഭോക്താക്കൾക്ക് വാഹനം വാങ്ങുന്ന സമയത്ത് പദ്ധതിയിൽ ചേരാം. കാലാവധി പൂർത്തിയാകുമ്പോൾ, പദ്ധതിയുടെ കരാറിലും നിബന്ധനകളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഉറപ്പുനൽകിയ ബൈബാക്ക് മൂല്യം ലഭ്യമാക്കാം. പദ്ധതിയുടെ നടത്തിപ്പ് ബന്ധപ്പെട്ട പ്രോഗ്രാം പങ്കാളിയാണ് നിർവഹിക്കുന്നത്; അർഹത, മൂല്യനിർണയം, പണമടയ്ക്കൽ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ ബാധകമായ നിബന്ധനകൾക്ക് വിധേയമായിരിക്കും.

# കേന്ദ്ര വിവര സാങ്കേതിക മന്ത്രാലയത്തിന് കീഴിലുള്ള സ്റ്റാർട്ടപ്പ് ഹബ്ബുമായി ഐബിഎം ധാരണാപത്രം ഒപ്പുവെച്ചു

**കൊച്ചി:** ഇന്ത്യയുടെ ഡീപ്ടെക് സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും സ്റ്റാർട്ടപ്പ് വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി ഐബിഎമ്മും കേന്ദ്ര സർക്കാരിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെ കീഴിലുള്ള സ്റ്റാർട്ടപ്പ് ഹബ്ബും (എം എസ് എച്ച്) തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു. ഐബിഎമ്മിന്റെ സാങ്കേതിക വൈദഗ്ധ്യം, മാർഗനിർദേശം, എന്റർപ്രൈസ് സഹകരണ അവസരങ്ങൾ, നൈപുണ്യ വികസന പരിപാടികൾ, ആവാസവ്യവസ്ഥ വികസന സംരംഭങ്ങൾ എന്നിവ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കുന്നതിനാണ് ധാരണാപത്രം.

ഈ സഹകരണത്തിന്റെ ഭാഗമായി, ബിസിനസ്സ് ആവശ്യങ്ങൾക്കും പ്രശ്നപരിഹാരങ്ങൾക്കുമായി ഐബിഎമ്മിന്റെ എന്റർപ്രൈസ് സാങ്കേതികവിദ്യകളും നവീകരണ പ്ലാറ്റ്ഫോമുകളും സ്റ്റാർട്ടപ്പുകൾക്ക് ഉപയോഗിക്കാനാകും. ബാങ്കിംഗ്, ധനകാര്യം, സർക്കാർ, വ്യവസായം തുടങ്ങിയ വിവിധ മേഖലകളിലും വളർച്ചയുടെ വിവിധ ഘട്ടങ്ങളിലുമുള്ള സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്ന സംരംഭങ്ങൾ ഐബിഎമ്മും എംഎസ്എച്ചും സംയുക്തമായി ആസൂത്രണം ചെയ്യും.

ആശയങ്ങളുടെ എന്റർപ്രൈസ് പ്രൂഫ്, സോവറിൻ എഐ ഇന്നൊവേഷൻ, ഓപ്പൺ സോഴ്സ് ഇക്കോസിസ്റ്റം ഡെവലപ്മെന്റ്, സ്ഥാപക മെന്റർഷിപ്പ്, സാങ്കേതിക വൈദഗ്ധ്യം എന്നിവയിൽ ഈ സഹകരണം ശ്രദ്ധ കേന്ദ്രീകരിക്കും.

ടിയർ 2, ടിയർ 3 നഗരങ്ങളിലെ മികച്ച ഇന്നൊവേറ്റർമാരെ കണ്ടെത്തി പരിപോഷിപ്പിക്കുക, ഇന്ത്യയുടെ വളരുന്ന ഡീപ്ടെക് ഇക്കോസിസ്റ്റത്തിലേക്കുള്ള പ്രവേശനം വിശാലമാക്കുക എന്നിവയാണ് പ്രധാന മുൻഗണന.




# യു.പി.ഐ. ഫീസ് നീട്ടി: ദീപാവലിക്കു ശേഷം നടപ്പാക്കും; തീയതി പിന്നീട് അറിയിക്കും

**ന്യൂദൽഹി:** രണ്ടായിരം രൂപയ്ക്കു മുകളിലുള്ള വ്യാപാര ഇടപാടുകൾക്ക് ഫീസ് ഈടാക്കാനുള്ള തീരുമാനം നീട്ടിവെച്ചു. ഉത്സവ സീസണോടനുബന്ധിച്ച് വ്യാപാരികൾക്കുണ്ടായേക്കാവുന്ന ആശയക്കുഴപ്പം ഒഴിവാക്കാനാണിതെന്ന് നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ അറിയിച്ചു. വ്യവസായ സ്ഥാപനങ്ങൾ, ഫിൻടെക് കമ്പനികൾ, പേയ്മെന്റ് സർവീസ് പ്രൊവൈഡർമാർ, വ്യാപാരി സംഘടനകൾ എന്നിവർ ഇതു സംബന്ധിച്ച് നിവേദനം നൽകിയിരുന്നു. ഒക്ടോബർ 15 മുതൽ നിരക്ക് പ്രാബല്യത്തിലാകുമെന്നായിരുന്നു നേരത്തെ അറിയിച്ചിരുന്നത്. നടപ്പിലാക്കുന്ന കൃത്യമായ തീയതി എൻ.പി.സി.ഐ. പിന്നീട് അറിയിക്കും. 2,000 രൂപയ്ക്ക് മുകളിലുള്ള യോഗ്യമായ ഇടപാടുകൾക്ക് 0.4 ശതമാനം നിരക്കിൽ ഫീസ് ഈടാക്കാനാണ് നിർദേശിച്ചിട്ടുള്ളത്. പരമാവധി 300 രൂപ വരെയാകും ഈടാക്കുക. അതേസമയം സ്കൂൾ/കോളേജ് ഫീസുകൾ, റെയിൽവേ ടിക്കറ്റ് ബുക്കിങ്, പെട്രോൾ പമ്പുകൾ, വൈദ്യുതി വെള്ളം ബില്ലുകൾ, ഓഹരി വിപണി, മ്യൂച്വൽ ഫണ്ടുകൾ എന്നിങ്ങനെ യുള്ളവയ്ക്ക് ഒരിടപാടിന് അഞ്ചു രൂപയാണ് ഈടാക്കുക. യു.പി.ഐ.യിൽ വ്യാപാരികളുടെ കാറ്റഗറി കോഡും ഫീസിനെ സാധീനിക്കുന്നുണ്ട്. ഈ മാറ്റങ്ങൾ വ്യാപാരികളെ ആശയക്കുഴപ്പത്തിലാക്കിയിരുന്നു.



മലപ്പുറം സെൻട്രൽ സഹോദയ സിബിഎസ്ഇ ജില്ലാ കലോത്സവത്തിൽ കാറ്റഗറി ഒന്നിൽ ഓവർഓൾ കിരീടവുമായി ദി വൈറ്റ് സ്കൂൾ കടലുണ്ടി നഗരം ടീം.

# സെൻട്രൽ സഹോദയ സിബിഎസ്ഇ ജില്ലാ കലോത്സവം: മികച്ച മുന്നേറ്റവുമായി ദി വൈറ്റ് സ്കൂൾ കടലുണ്ടി നഗരം

**കടലുണ്ടി നഗരം:** ഊരകം സെന്റ് അൽഫോൻസാ പബ്ലിക് സ്കൂളിൽ വെച്ച് നടന്ന സെൻട്രൽ സഹോദയ സിബിഎസ്ഇ ജില്ലാ കലോത്സവത്തിൽ മികച്ച നേട്ടവുമായി ദി വൈറ്റ് സ്കൂൾ കടലുണ്ടി നഗരം. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള മൂവായിരത്തിലധികം വിദ്യാർത്ഥികൾ മാറ്റുരച്ച കലോത്സവത്തിലാണ് കുറഞ്ഞ മത്സരാർത്ഥികളുമായി പങ്കെടുത്ത ദി വൈറ്റ് സ്കൂൾ ഉജ്ജ്വല വിജയം കരസ്ഥമാക്കിയത്.

25 ഒന്നാം സ്ഥാനങ്ങളും 27 രണ്ടാം സ്ഥാനങ്ങളും 56 മൂന്നാം സ്ഥാനങ്ങളും നേടി സ്കൂൾ മികച്ച പ്രകടനം കാഴ്ചവെച്ചു. സർഗധാര (സെമിസ്റ്റേജ്) മത്സരങ്ങളിൽ എല്ലാ കാറ്റഗറികളിലും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയപ്പോൾ, സ്റ്റേജ് ഇനങ്ങളിൽ കാറ്റഗറി ഒന്നിൽ ഒന്നാം സ്ഥാനവും കാറ്റഗറി രണ്ടിൽ രണ്ടാം സ്ഥാനവും നേടി. കാറ്റഗറി മൂന്നിൽ 435 പോയിന്റും കാറ്റഗറി നാലിൽ 339 പോയിന്റും നേടി.

മലയാളം, ഹിന്ദി, അറബിക്, സംസ്കൃതം, ഇംഗ്ലീഷ് ഭാഷകളിലെ പ്രസംഗം, പദ്യപാരായണം, കഥ/കവിത/ഉപന്യാസ രചന, ചിത്രരചന എന്നിവയിലും ലളിതഗാനം, മാപ്പിളപ്പാട്ട്, ഒപ്പന തുടങ്ങിയ സംഗീതദൃശ്യകലാ മത്സരങ്ങളിലും വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം ഉൾപ്പെടെയുള്ള ഉന്നത വിജയങ്ങൾ നേടി. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ പരിശ്രമവും മികച്ച പരിശീലനവുമാണ് ഈ ചരിത്രവിജയത്തിന് പിന്നിലെന്ന് സ്കൂൾ അധികൃതർ അറിയിച്ചു.

# യു.പി.ഐ ചാർജിനെതിരെ ഒക്ടോബർ 15ന് സൂപ്പർമാർക്കറ്റുകൾക്ക് മുന്നിൽ കറുത്ത കൊടി ഉയർത്തി പ്രതിഷേധിക്കും

**കൊച്ചി:** യു.പി.ഐ ഇടപാടുകൾക്ക് ഏർപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്ന ചാർജുകൾക്കെതിരെ പ്രഖ്യാപിച്ച പ്രതിഷേധ സമരവുമായി മുന്നോട്ട് പോകുമെന്ന് സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ കേരള (സ്വാക്ക്) സംസ്ഥാന കമ്മിറ്റി അറിയിച്ചു.യു.പി.ഐ ചാർജുകൾ പൂർണ്ണമായും പിൻവലിക്കണമെന്ന ആവശ്യം ഉന്നയിച്ച് ഒക്ടോബർ 15ന് സംസ്ഥാനത്തെ എല്ലാ സൂപ്പർമാർക്കറ്റുകൾക്ക് മുന്നിലും കറുത്ത കൊടി കെട്ടാനും, കടകളിലെ ക്യു.ആർ കോഡുകൾ കറുത്ത തുണികൊണ്ട് മൂടിക്കെട്ടി പ്രതിഷേധിക്കാനും സംസ്ഥാന സമിതി തീരുമാനിച്ചുവെന്ന് സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ട, സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ.സിയാവുദ്ദീൻ, സംസ്ഥാന ട്രഷറർ ഷുഹൈബ് രാജകുമാരി എന്നിവർ വാർത്താ കുറിപ്പിലൂടെ അറിയിച്ചു. ഈ പ്രതിഷേധത്തോട് മുഴുവൻ ഉപഭോക്താക്കളും പൊതുജനങ്ങളും സഹകരിക്കണമെന്ന് ഭാരവാഹികൾ അഭ്യർത്ഥിച്ചു. നിലവിൽ വ്യാപാരികൾക്ക് മേൽ ചുമത്തുന്ന ഈ ചാർജ് ഭാവിയിൽ എ.ടി.എം/ഡെബിറ്റ് കാർഡ് ചാർജുകൾ പോലെ സാധാരണ ജനങ്ങളിലേക്കും വ്യാപിപ്പിക്കാൻ സാധ്യതയുണ്ടെന്ന കാര്യം ഉപഭോക്താക്കളെ ബോധ്യപ്പെടുത്താൻ കൂടിയാണ് ഇത്തരത്തിൽ പതിഷേധ സമരം സംഘടിപ്പിച്ചിരിക്കുന്നതെന്നും ഭാരവാഹികൾ പറഞ്ഞു.




# മഹാത്മാഗാന്ധി സർവകലാശാലയിൽ സി.പി.ആർ. പരിശീലന പരിപാടി സംഘടിപ്പിച്ചു

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയുടെയും കാഞ്ഞിരപ്പള്ളി മേരി ക്വീൻസ് മിഷൻ ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ സി.പി.ആർ. പരിശീലനം സംഘടിപ്പിച്ചു. കേന്ദ്രസർക്കാരിന്റെ അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻപെയർ പ്രൊജക്റ്റിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. സ!ർവകലാശാലാ ഹെൽത്ത് സെന്ററിൽ നടന്ന ആദ്യ പരിശീലനം വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്തു.

ഏതൊരു അടിയന്തര ഘട്ടത്തിലും 'ഗോൾഡൻ അവർ' നിർണായകമാണെന്ന് വൈസ് ചാൻസലർ അഭിപ്രായപെട്ടു. കൃത്യസമയത്ത് ഇടപെടാനായാൽ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കും. ജീവിതശൈലീ രോഗങ്ങൾ മൂലം ഹൃദയാഘാതം സ്കൂൾ കുട്ടികളിൽ പോലും കണ്ടുവരുന്ന ഈ കാലത്ത്, സി.പി.ആറിനെക്കുറിച്ചും അടിയന്തര ശുശ്രൂഷകളെക്കുറിച്ചുമുള്ള ധാരണ ഏവർക്കും ഉണ്ടായിരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മേരി ക്വീൻസ് മിഷൻ ഹോസ്പിറ്റൽ സി.ഇ.ഒ.യും ഡയറക്ടറുമായ ഫാ. മാർട്ടിൻ എം. പരിപാടിയിൽ സംബന്ധിച്ചു. ഹോസ്പിറ്റൽ ജീവനക്കാരായ അജോ ജോസ്, സോണി സെബാസ്റ്റ്യൻ, കിരൺ കമാൽ, സൂര്യ എലിസബത്ത് ജോൺ എന്നിവർ സി.പി.ആർ. പരിശീലനത്തിന് നേതൃത്വം നൽകി.സർവകലാശാലാ സ്കൂൾ ഓഫ് ബയോസയൻസസ് പ്രൊഫസറും എ.എൻ.ആർ.എഫ്. പെയർ പ്രൊജക്റ്റ് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററുമായ പ്രൊഫ. (ഡോ.) ഇ.കെ. രാധാകൃഷ്ണൻ, പ്രൊജക്റ്റ് റിസർച്ച് അസോസിയേറ്റ് ഡോ. ചന്ദന സി., സർവകലാശാലാ ഹെൽത്ത് സെന്ററിലെ ഡോക്ടർ ജിക്സൺ കെ. ജോൺ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.തുടർന്ന് സെനറ്റ് ഹാളിലും പരിശീലനപരിപാടി സംഘടിപ്പിച്ചു.

# ഫുഡ് സയൻസ് ആന്റ് ടെക്നോളജിയിൽ കോഓർഡിനേറ്റർ നിയമനം

സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ കോഓർഡിനേറ്റർ തസ്തികയിലേക്ക് ഇ./ബി./ടി. വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തെ കരാർ നിയമനമാണ്. ഫുഡ് സയൻസ് ആൻഡ് ന്യൂട്രീഷൻ അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി., പത്ത് ഗവേഷണ പ്രബന്ധങ്ങൾ, 15 വർഷത്തെ അധ്യാപന/ഗവേഷണ പരിചയം എന്നിവ വേണം. 70 വയസ്സിൽ താഴെയുള്ളവർക്കാണ് അപേക്ഷിക്കാനാവുക. പ്രതിമാസ വേതനം 30,000 രൂപയാണ്.

ഒക്ടോബർ 27നകം രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം 686560 എന്ന വിലാസത്തിൽ തപാൽ മുഖേന അപേക്ഷിക്കണം. വിശദമായ നോട്ടിഫിക്കേഷന് mgu.ac.in സന്ദർശിക്കുക.

## അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 2027 ഏപ്രിൽ 15 വരെയാണ് നിയമന കാലാവധി. മുസ്ലീം വിഭാഗത്തിന് സംവരണം ചെയ്തിരിക്കുന്ന ഒരു ഒഴിവിലേക്കാണ് നിയമനം. യു.ജി.സി മാനദണ്ഡപ്രകാരമുള്ള യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. മാസം 40000 രൂപയാണ് ശമ്പളം.

താല്പര്യമുള്ളവർ അപേക്ഷാ ഫോമും വയസ്സ്, യോഗ്യത, സംവരണം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം ഒക്ടോബർ 22 നകം ഇമെയിൽ മുഖേന അപേക്ഷ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് mgu.ac.in.

## വാക്ക്ഇൻഇന്റർവ്യൂ

സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ ലാബ് ടെക്നീഷ്യൻ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. സയൻസ് വിഷയത്തിലുള്ള പ്ലസ്ടു/തത്തുല്യ സർട്ടിഫിക്കറ്റും, ഫിസിക്സ് ലബോറട്ടറിയിൽ അഞ്ച് വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. പ്രതിമാസം 25,000 രൂപയാണ് ശമ്പളം. പ്രായം 2026 ജനുവരി 1നു 36 വയസ്സ് കവിയാൻ പാടില്ല. പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ ഉണ്ടായിരിക്കുന്നതാണ്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷയോടൊപ്പം ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളുമായി ഒക്ടോബർ 26 തിങ്കളാഴ്ച രാവിലെ 10 മണിക്ക് സർവ്വകലാശാലാ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലെ എ.ഡി.എ. 5 സെക്ഷനിൽ ഹാജരാകേണ്ടതാണ്. വാക്ക്ഇൻഇന്റർവ്യൂ അതേ ദിവസം രാവിലെ 10.30ന് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക്: mgu.ac.in.






**യു.പി.ഐ പണമിടപാടിന് ഫീസ് ഈടാക്കാൻ തീരുമാനിച്ച കേന്ദ്ര സർക്കാർ നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പന്തംകൊളുത്തി പ്രകടനത്തിന്റെ ഫ്ളാഗ് ഓഫ് നിയോജക മണ്ഡലം പ്രസിഡന്റ് എം.സി.പോൾസൺ നിർവ്വഹിക്കുന്നു. കെ.എ.നാദിർഷ, കെ.സി.സുനീഷ്, എഡ്വേർഡ് ഫോസ്റ്റസ്, പ്രദീപ് ജോസ്, അബ്ദുൾ ഷുക്കൂർ, എസ്.മനോജ് കുമാർ, ജയ പീറ്റർ, ഷക്കീല സുവർധൻ തുടങ്ങിയവർ സമീപം.**

# യു.പി.ഐ ഫീസിനെതിരെ കെ.വി.വി.എസ് ജില്ലയിലുടനീളം പന്തം കൊളുത്തി പ്രകടനം നടത്തി

**കൊച്ചി:** കേന്ദ്രസർക്കാർ യു.പി.ഐ പേയ്മെന്റുകൾക്ക് ഫീസ് ഈടാക്കാൻ തീരുമാനിച്ചതിൽ പ്രതിഷേധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) സംസ്ഥാനത്തുടനീളം പന്തം കൊളുത്തി പ്രകടനം നടത്തി. ഇന്ത്യയിലെ മുഴുവൻ ജനങ്ങളെയും ഒരുപോലെ ദോഷകരമായി ബാധിക്കുന്ന തീരുമാനത്തിൽ നിന്നും കേന്ദ്ര സർക്കാർ പിൻമ്മാറണമെന്ന് കെ.വി.വി.ഇ.എസ് ആവശ്യപ്പെട്ടു.എറണാകുളം ജില്ലയിലെ 14 നിയോജക മണ്ഡലങ്ങളിലും നിയോജക മണ്ഡലം പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ സമരം നടന്നു.

എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കലൂർ മാർക്കറ്റിന് മുന്നിൽ നിന്നും റിസർവ്വ് ബാങ്ക് റീജിയൺ ഓഫീസിന് മുന്നിലേയ്ക്ക് നടത്തിയ പന്തംകൊളുത്തി പ്രകടനം എറണാകുളം നിയോജക മണ്ഡലം പ്രസിഡന്റ് എം.സി. പോൾസൺ ഫ്ളാഗ് ഓഫ് ചെയ്തു. റിസർവ്വ് ബാങ്കിന് മുന്നിൽ നടന്ന പൊതുയോഗത്തിൽ കെ.എ.നാദിർഷ അധ്യത വഹിച്ചു. പൊതുയോഗം എം.സി.പോൾസൺ ഉദ്ഘാടനം ചെയ്തു. ജില്ലാ വർക്കിംഗ് ജനറൽ സെക്രട്ടറി ഷാജഹാൻ അബ്ദുൾ ഖാദർ മുഖ്യ പ്രഭാഷണം നടത്തി. നിയോജക മണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, നിയോജക മണ്ഡലം ട്രഷറർ അബ്ദുൾ ഷുക്കൂർ, യൂത്ത് വിംഗ് സംസ്ഥന വർക്കിംഗ് പ്രസിഡന്റ് പ്രദീപ് ജോസ്, വനിതാ വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, വനിതാ വിംഗ് എറണാകുളം നിയോജക മണ്ഡലം പ്രസിഡന്റ് ഷക്കീല സുവർധൻ,കലൂർ യൂണിറ്റ് പ്രസിഡന്റ് കെ.എ നാദിർഷ,ജനറൽ സെക്രട്ടറി കെ.സി.അനസ്, എളമക്ക യൂണിറ്റ് ജനറൽ സെക്രട്ടറി എസ്. മനോജ് കുമാർ, തേവര യൂണിറ്റ് സെക്രട്ടറി അബ്ദുൾ റസാഖ്, എം.ജി.സോമൻ,എറണാകുളം ടൗൺ നോർത്ത് യൂണിറ്റ് പ്രസിഡന്റ് ദീപു ജോസഫ്,ജനറൽ സെക്രട്ടറി ജംഷീർ വാഴയിൽ, കതൃക്കടവ് യൂണിറ്റ് പ്രസിഡന്റ് മുഹമ്മദ് അലി ജില്ലാ കമ്മിറ്റി അംഗം കെ.സി.സുനീഷ് തുടങ്ങിയവർ പ്രസംഗിച്ചു.

# ആന്റിമൈക്രോബിയൽ പ്രതിരോധത്തെക്കുറിച്ച് രാജ്യാന്തര ശില്പശാല സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മറൈൻ സയൻസസിന് കീഴിലുള്ള സെന്റർ ഓഫ് എക്സലൻസ് ഫോർ അക്വാട്ടിക് വാക്സിൻ ഡെവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ 'മോളിക്യുലാർ ആൻഡ് ജീനോമിക് അപ്രോച്ചസ്: സർവൈലൻസ് സ്ട്രാറ്റജീസ് ഫോർ ആന്റിമൈക്രോബിയൽ സ്റ്റീവാർഡ്ഷിപ്പ്' എന്ന വിഷയത്തിൽ ആസിയാൻ രാജ്യാന്തര ശില്പശാല സംഘടിപ്പിച്ചു.

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആൻഡ് എൻജിനീയറിങ് ട്രെയിനിങ് ഡയറക്ടർ എം. ഹബീബുള്ള ശില്പശാല ഉദ്ഘാടനം ചെയ്തു. ബംഗ്ലാദേശ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ഫാക്കൽറ്റി ഓഫ് ഫിഷറീസ് ഡീൻ പ്രൊഫ. ഡോ. എം.ഡി. അലി റെസ ഫറൂഖ്, യൂണിവേഴ്സിറ്റി ഓഫ് പുത്ര മലേഷ്യയിലെ പ്രൊഫ. ഡോ. മുഹമ്മദ് നൂർ അമൽ ബിൻ അസ്മായി, ബംഗ്ലാദേശിലെ ചട്ടോഗ്രാം വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഡോ. ഇഷ്റത്ത് സഹാൻ അങ്ക, കുസാറ്റ് എമിരറ്റസ് പ്രൊഫസർ പ്രൊഫ. ഡോ. മുഹമ്മദ് ഹാത്ത, കുസാറ്റ് ഫാക്കൽറ്റി ഓഫ് മറൈൻ സയൻസസ് ഡീൻ പ്രൊഫ. ഡോ. ബിജോയ് നന്ദൻ, ശില്പശാല കൺവീനർ ഡോ. പുന്നാടത്ത് പ്രീതം എന്നിവർ സംസാരിച്ചു. യൂണിവേഴ്സിറ്റി ഓഫ് പുത്ര മലേഷ്യയിലെ മുഹമ്മദ് ഫർഹാൻ നസറുദിൻ, ഡോ. മുഹമ്മദ് അസം മുഹമ്മദ് സയൂതി, ഡോ. അന്നാസ് സല്ലെ എന്നിവരും പങ്കെടുത്തു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 31 പേർ ശില്പശാലയിൽ പങ്കെടുത്തു. കേന്ദ്ര സർക്കാരിന്റെ ആരോഗ്യ ഗവേഷണ വകുപ്പിന്റെ പിന്തുണയോടെ സംഘടിപ്പിച്ച ശില്പശാലയ്ക്ക് ബയോടെക്നോളജി വകുപ്പും ശാസ്ത്രവ്യാവസായിക ഗവേഷണ കൗൺസിലും സഹസ്പോൺസർമാരായി. ഉദ്ഘാടന സമ്മേളനത്തിനുശേഷം മലേഷ്യ, ബംഗ്ലാദേശ് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ സാന്നിധ്യത്തിൽ എം. ഹബീബുള്ള ശില്പശാല മാനുവൽ പ്രകാശനം ചെയ്തു.

ആന്റിമൈക്രോബിയൽ പ്രതിരോധവുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ, അവബോധം, ഉയർന്ന സ്വാധീനമുള്ള ജേണലുകളിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള മാർഗങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ പ്രൊഫ. ഡോ. എം.ഡി. അലി റെസ ഫറൂഖ്, പ്രൊഫ. ഡോ. ഇഷ്റത്ത് സഹാൻ അങ്ക, പ്രൊഫ. ഡോ. മുഹമ്മദ് നൂർ അമൽ ബിൻ അസ്മായി എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

വിവിധ മോളിക്യുലാർ, ഇമ്യൂണോളജിക്കൽ പരിശോധനാ രീതികളിൽ പ്രഭാഷണങ്ങളും പ്രായോഗിക പരിശീലനവും ശില്പശാലയുടെ ഭാഗമായി സംഘടിപ്പിച്ചു.

# തേവര പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാൾ ഒരുക്ക നവനാൾ നൊവേന 15 മുതൽ 23 വരെ

**കൊച്ചി:** തേവര സെന്റ് ജോസഫ് ആന്റ് സെൻറ് ജൂഡ് പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ രക്തസാക്ഷിത്വ തിരുനാൾ ഒരുക്ക നവനാൾ നൊവേന 15 വ്യാഴം മുതൽ 23 വെള്ളി വരെ. 14മുതൽ 23വരെ ആഘോഷമായ ജപമാല പ്രാർത്ഥനയും ഉണ്ടായിരിക്കും. 15 വ്യാഴം നൊവേന ദിനത്തിൽ തിരുകർമ്മങ്ങൾ പതിവുപോലെ വൈകുന്നേരം 5:30 ന് കുർബാനക്ക് ഫാ.ജോംസൺ തോട്ടുങ്കൽ മുഖ്യകർമ്മികത്വീ വഹിക്കും.16 വെള്ളി, 17 ശനി, 18ഞായർ, 19തിങ്കൾ, 20ചൊവ്വ, 21ബുധൻ വൈകുന്നേരം 5 30ന് കുർബാന, ജപമാല, നൊവേന, ആരാധന .22വ്യാഴം നൊവേനദിനത്തിൽ തിരുകർമ്മങ്ങൾ പതിവുപോലെ. വൈകുന്നേരം 5 30ന് കുർബാനക്ക് ഫാആന്റണി റാഫേൽ കൊമരംചാത്ത് മുഖ്യകാർമികൻ ആയിരിക്കും.23 വെള്ളി 5 30ന് കുർബാന, നൊവേന, ആരാധന, ആഘോഷമായ പത്ത് ദിവസത്തെ ജപമാല സമാപനം പ്രദക്ഷിണം. തിരുനാൾ ആരംഭ ദിനമായ 24 ശനി വൈകുന്നേരം 5 15ന് പ്രസുദേന്തി വാഴ്ച് 5 30ന് തിരുനാൾ കൊടികയറ്റത്തിനും കുർബാനക്കും കൊച്ചി രൂപതാ മെത്രാൻ ഡോ.ആന്റണി കാട്ടിപ്പറമ്പിൽ മുഖ്യ കാർമികത്വം വഹിക്കും.ഫാ.ലാസർ സിന്റോ തൈപ്പറമ്പിൽ വചനപ്രഘോഷണം നടത്തും. 26 ഞായർ വൈകുന്നേരം 5.30ന് കുർബാനക്ക് വരാപ്പുഴ അതിരൂപത വികാർ ജനറൽ മോൺ. മാത്യു ഇലഞ്ഞിമിറ്റം മുഖ്യ കാർമികനും ഫാ.ആന്റണി സിജൻ മണുവേലിപ്പറമ്പിൽ വചനപ്രഘോഷകനും ആയിരിക്കും. 26 തിങ്കൾ വൈകുന്നേരം 5 30ന് കുർബാനക്ക് ഫാ.ടൈറ്റസ് ആന്റണി കുരിശുവീട്ടിൽ മുഖ്യകാർമ്മികനും ഫാ.സ്റ്റാൻലി മാതിരപ്പിള്ളി വചനപ്രഘോഷകനും ആയിയിരിക്കും. 27ചൊവ്വ വൈകുന്നേരം 5 30ന് കുർബാനയ്ക്ക് ഫാ.ഫ്രാൻസിസ് സേവ്യർ താന്നിക്കപറമ്പിൽ മുഖ്യ കാർമ്മികനും ഫാ.ജോൺ കാപ്പിസ്റ്റാൻ ലോപ്പസ് വചനപ്രഘോഷകനും ആയിരിക്കും. തിരുനാൾ സമാപന ദിവസമായ 28 ബുധൻ രാവിലെ 10 30 ന് കുർബാനക്ക് ഫാ.ടിജോ തോമസ് കോലോത്തും വീട്ടിൽ മുഖ്യ കാർമികത്വം വഹിക്കും. വൈകുന്നേരം 5:30 ന് ആഘോഷമായി തിരുനാൾ കുർബാനക്ക് വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ.ആന്റണി വാലുങ്കൽ മുഖ്യകാർമികത്വം വഹിക്കും ഫാ.വിൻസെന്റ് വാര്യത്ത് വചനപ്രഘോഷണം നടത്തും.

# കൊച്ചിയിലെ കുടിവെള്ളക്ഷാമം: വീഴ്ചകളിൽ കർശന നടപടിയെന്ന് മന്ത്രി മോൻസ് ജോസഫ്

**കൊച്ചി:** എറണാകുളം: കൊച്ചി നഗരത്തിലും എറണാകുളം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലും കഴിഞ്ഞ മൂന്ന് മാസമായി തുടരുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം ടി.ജെ. വിനോദ് എം.എൽ.എ നിയമസഭയിൽ സബ്മിഷനായി ഉന്നയിച്ചു. ജലവിഭവ വകുപ്പ് മന്ത്രി മോൻസ് ജോസഫ് മറുപടി നൽകി. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ തലത്തിൽ ഗുരുതരമായ വീഴ്ചകൾ ഉണ്ടായെന്ന പരാതികൾ വിവിധ തലങ്ങളിൽ ലഭിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻ കൊച്ചിയിലെ എം.എൽ.എമാർ ഉൾപ്പെടെ ബന്ധപ്പെട്ട മുഴുവൻ ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് അടിയന്തര നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുമെന്നും മന്ത്രി സഭയെ അറിയിച്ചു.

ചിറ്റൂർ, വടുതല, പച്ചാളം, തട്ടാഴം, അയ്യപ്പൻകാവ്, എളമക്കര, കലൂർ തുടങ്ങിയ പ്രദേശങ്ങളിലും നഗരമധ്യത്തിലെ പി.ടി. ഉഷ റോഡ്, ടി.ഡി. റോഡ് എന്നിവിടങ്ങളിലും അതിരൂക്ഷമായ കുടിവെള്ളക്ഷാമമാണ് അനുഭവപ്പെടുന്നതെന്ന് ടി.ജെ. വിനോദ് എം.എൽ.എ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. കുടിവെള്ളത്തിനായി ജനങ്ങൾ തമ്മിൽ തർക്കങ്ങളുണ്ടാകുന്ന സാഹചര്യം പോലും നിലനിൽക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രതിസന്ധിക്ക് അടിയന്തര പരിഹാരം കാണുന്നതിനൊപ്പം ജലവിതരണത്തിലെ വീഴ്ചകൾ കണ്ടെത്തി ഉത്തരവാദിത്തം ഉറപ്പാക്കണമെന്നും എം.എൽ.എ ആവശ്യപ്പെട്ടു.

ആലുവയിൽ നിന്നും മരടിൽ നിന്നും ലഭിക്കുന്ന വെള്ളം തമ്മനത്തെ 135 എം.എൽ.ഡി. ശേഷിയുള്ള ടാങ്കിൽ സംഭരിച്ചാണ് കൊച്ചി നഗരത്തിൽ വിതരണം ചെയ്തിരുന്നത്. എന്നാൽ 2025 നവംബർ 10ന് കാലപ്പഴക്കം മൂലം ടാങ്കിന്റെ 65 എം.എൽ.ഡി. ശേഷിയുള്ള ഒരു അറ തകർന്നു. തുടർന്ന് വിദഗ്ധ നിർദേശപ്രകാരം ശേഷിക്കുന്ന 65 എം.എൽ.ഡി. ശേഷിയുള്ള അറയിൽ ഏകദേശം 40 എം.എൽ.ഡി. വെള്ളം മാത്രം സംഭരിച്ച് പമ്പ് ചെയ്താണ് ജലവിതരണം നടത്തിവരുന്നത്.

ടാങ്കിന്റെ ഒരു അറ തകർന്നതിനെത്തുടർന്ന് കുടിവെള്ള ക്ഷാമം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും തുടക്കത്തിൽ വലിയ ബുദ്ധിമുട്ടുകളില്ലാതെ വിതരണം നടന്നിരുന്നു. എന്നാൽ കഴിഞ്ഞ മൂന്ന് മാസമായി നഗരത്തിൽ ഗുരുതരമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ആശങ്കാജനകമാണ്. നേരത്തെ ലഭിച്ചുകൊണ്ടിരുന്ന വെള്ളത്തിന്റെ ലഭ്യതയിൽ കുറവുണ്ടാകാനുള്ള കാരണം അടിയന്തരമായി കണ്ടെത്തണമെന്നും വിതരണത്തിലെ അപാകതകൾ പരിശോധിക്കണമെന്നും എം.എൽ.എ ആവശ്യപ്പെട്ടു.

# മരത്തടിയിൽ വിരിയുന്ന മുന്തിരിക്കുലകൾ ജബോട്ടിക്കാബ

ഒരു മരത്തിന്റെ തണ്ടിലും കട്ടിയുള്ള ശാഖകളിലും മുന്തിരിക്കുലകളെപ്പോലെ പഴങ്ങൾ കൂട്ടമായി കായ്ക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ ഈ അപൂർവ കാഴ്ച സമ്മാനിക്കുന്ന ഫലവൃക്ഷമാണ് ജബോട്ടിക്കാബ (പ്ലിനിയ കൗളിഫ്ളോറ) അഥവാ മരമുന്തിരി.

കാഴ്ചയിൽ മുന്തിരിക്കുലയെ അനുസ്മരിപ്പിക്കുന്നതിനാൽ ഡ ബ്രസീലിയൻ ഗ്രേപ്പ് ട്രീ' എന്നും ഇത് അറിയപ്പെടുന്നു. ബ്രസീലിൽ സ്വദേശിയായ ഈ വൃക്ഷം ഇന്നു ലോകത്തിന്റെ വിവിധ ഉഷ്ണമേഖലാ പ്രദേശങ്ങളിൽ കൃഷി ചെയ്യപ്പെടുന്നു.



കേരളത്തിലും തോട്ടങ്ങളിലും വീട്ടുവളപ്പുകളിലും പരീക്ഷണാടിസ്ഥാനത്തിൽ ഇതു വളർത്തുന്നവരുടെ എണ്ണം ക്രമേണ വർധിച്ചുവരുന്നു. ജബോട്ടിക്കാബയുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത കൗളിഫ്ളോറസ് എന്ന പ്രതിഭാസമാണ്.

സാധാരണ മരങ്ങളിൽ പഴങ്ങൾ ചെറുകൊമ്പുകളിലാണ് ഉണ്ടാകുന്നത്. എന്നാൽ, ജബോട്ടിക്കാബയിൽ പൂക്കളും പഴങ്ങളും നേരിട്ട് തണ്ടിലും പ്രായമായ ശാഖകളിലും രൂപപ്പെടുന്നു.

ചെറിയ വെളുത്ത പൂക്കൾ തടിയിൽ കുലകുലയായി വിരിഞ്ഞ ശേഷം, ഏകദേശം മൂന്നു മുതൽ ആറാഴ്ചക്കുള്ളിൽ ഇളംപച്ച നിറത്തിലുള്ള കായ്കൾ വളർന്ന് കടും പർപ്പിൾ അഥവാ കറുപ്പ് നിറമുള്ള, മുന്തിരി പോലുള്ള ഗോളാകൃതിയിലുള്ള ഫലങ്ങളായി പാകമാകുന്നു.

ജബോട്ടിക്കാബ മരങ്ങൾ ഒരു വർഷം അഞ്ചോ ആറോ തവണ വരെ പൂവിടുകയും കായ്ക്കുകയും ചെയ്യാറുണ്ട് എന്നതു മറ്റു ഫലവൃക്ഷങ്ങളിൽനിന്നും ഇതിനെ വ്യത്യസ്തമാക്കുന്നു.

കട്ടിയുള്ള തൊലിക്കുള്ളിൽ വെളുത്തതും തെളിഞ്ഞതുമായ മാംസളഭാഗവും അതിനുള്ളിൽ ഒന്നു മുതൽ നാലു വരെ ചെറിയ വിത്തുകളും കാണാം.

മുന്തിരിയുടെയും ലിച്ചിയുടെയും രുചി കൂടിച്ചേർന്നതുപോലുള്ള മധുരവും ചെറിയ പുളിപ്പും കലർന്ന രുചിയാണ് ഈ പഴത്തിന്. നിറയെ കായ്ച്ച ജബോട്ടിക്കാബ മരത്തിന്റെ തടി കറുത്ത മുന്തിരിക്കുലകൾകൊണ്ടു പൊതിഞ്ഞതു പോലെയാണു കാണപ്പെടുക.

സാവധാനം വളരുന്ന ഒരു നിത്യഹരിതവൃക്ഷമാണ് ജബോട്ടിക്കാബ. വിത്ത് നട്ടാൽ കായ്ക്കാൻ വർഷങ്ങളെടുക്കുമെങ്കിലും, ഗ്രാഫ്റ്റിംഗ് വഴി നട്ടുവളർത്തിയാൽ നാലോ അഞ്ചോ വർഷത്തിനുള്ളിൽത്തന്നെ ഫലം നൽകിത്തുടങ്ങും.

അമ്ലാംശമുള്ളതും നല്ല നീർവാർച്ചയുള്ളതുമായ മണ്ണും ഈർപ്പമുള്ള കാലാവസ്ഥയുമാണ് ഇതിന് ഏറ്റവും അനുയോജ്യം. സ്വയം പരാഗണശേഷിയുള്ള ഈ വൃക്ഷം പരാഗണകീടങ്ങളുടെ സാന്നിധ്യത്തിൽ കൂടുതൽ മെച്ചപ്പെട്ട വിളവ് നൽകാറുണ്ട്.

നാരുകൾ, ധാതുക്കൾ (പൊട്ടാസ്യം, കാൽസ്യം, സോഡിയം, മഗ്നീഷ്യം), അന്നജം, ജീവകങ്ങൾ, അമിനോ ആസിഡുകൾ എന്നിവയാൽ സമ്പന്നമാണ് ഈ പഴം. ധാതുക്കളിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്നത് പൊട്ടാസ്യമാണ്.

പഴത്തിൽ ഫ്രക്ടോസിനു പുറമേ ഗ്ലൂക്കോസും സുക്രോസും ഗണ്യമായ അളവിലുണ്ട്. സിട്രിക് ആസിഡ്, സക്സിനിക് ആസിഡ്, മാലിക്ക് ആസിഡ് തുടങ്ങിയ ജൈവ ആസിഡുകളാണ് പഴത്തിന്റെ പുളിരസത്തിന് കാരണം.

ആധുനിക പഠനങ്ങൾ ജബോട്ടിക്കാബ തൊലിപ്പൊടി ഒരു ഭക്ഷ്യസപ്ലിമെന്റായി ഉപയോഗിക്കുമ്പോൾ മെറ്റബോളിക് സിൻഡ്രോം, പൊണ്ണത്തടി എന്നിവയുള്ളവരിൽ രക്തത്തിലെ പഞ്ചസാരയും വീക്കവും കുറയ്ക്കാൻ സഹായിക്കുന്നതായി പഠനങ്ങൾ നടന്നുവരുന്നു.

പഴുത്ത ജബോട്ടിക്കാബ പഴങ്ങൾ അതുപോലെ തന്നെ കഴിക്കാമെങ്കിലും, വേഗം കേടാകുന്ന സ്വഭാവമുള്ളതിനാൽ ഇവ അധികനേരം സൂക്ഷിക്കാൻ കഴിയില്ല. അതിനാൽ ഇവ ജെല്ലി, ജാം, ജ്യൂസ്, വീഞ്ഞ് എന്നിവയാക്കി ഉപയോഗിക്കാവുന്നതാണ്.

സാധാരണയായി ഉപേക്ഷിക്കപ്പെടുന്ന തൊലി ഉണക്കി പൊടിയാക്കി ബിസ്ക്കറ്റ്, കുക്കീസ്, വൈൻ പാനീയങ്ങൾ തുടങ്ങിയവയിൽ പ്രകൃതിദത്ത നിറമായും ഉപയോഗിക്കാം.

ഭക്ഷ്യമാലിന്യം കുറയ്ക്കാനും അതേസമയം ആന്റിഓക്സിഡന്റ് ഗുണങ്ങളുള്ള ചേരുവകൾ ഭക്ഷണത്തിൽ ഉൾപ്പെടുത്താനും ഇത് സഹായിക്കുന്നു.

# മുതലമട മാങ്ങയ്ക്ക് ആഗോള വിപണി; പ്രത്യേക ഇക്കോസിസ്റ്റം ഒരുക്കുമെന്ന് കൃഷിമന്ത്രി

**മുതലമട:** മുതലമടയിലെ മാമ്പഴ കൃഷിക്ക് ഗവേഷണ കേന്ദ്രം, മൂല്യവർധിത ഉൽപന്നങ്ങളുടെ പ്ലാന്റ്, കോൾഡ് സ്റ്റോറേജ്, പൾപ്പ് ഡിവിഷൻ തുടങ്ങിയവ ഉൾപ്പെടുന്ന സമഗ്ര ഇക്കോസിസ്റ്റം ഒരുക്കാൻ നടപടിയെടുക്കുമെന്ന് കൃഷിമന്ത്രി ടി. സിദ്ദിഖ്. ഇതിന്റെ പദ്ധതി രേഖ രണ്ടു മാസത്തിനകം തയാറാക്കാൻ കേരള കാർഷിക സർവകലാശാലയിലെ വിദഗ്ധരെ ചുമതലപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. മുതലമട ചുള്ളിയാർമേട്ടിൽ മാമ്പഴ കർഷകരുമായി നടത്തിയ സംവാദത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

മുതലമടയുടെ മാമ്പഴ കൃഷിക്ക് ലഭിച്ചിരിക്കുന്ന സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ആഗോള വിപണിയിലെത്തിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. കൃഷിയുടെ വിസ്തൃതി വർധിപ്പിക്കുന്നതിനൊപ്പം മാങ്ങയുടെ സീസൺ കഴിഞ്ഞാൽ കർഷകർക്ക് വരുമാനം ലഭിക്കുന്ന തരത്തിൽ അനുയോജ്യമായ ഇടവിളകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കും. ഇതിനായി കാർഷിക സർവകലാശാലയുടെ വിദഗ്ധരുമായി ആലോചിച്ച് നടപടി സ്വീകരിക്കും.

മാമ്പഴത്തിന്റെ ഷെൽഫ് ലൈഫ് വർധിപ്പിക്കുന്നതിനായി കോൾഡ് സ്റ്റോറേജ്, പൾപ്പ് പ്രോസസിങ് തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കും. കേരള കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ആറുമാസത്തിനകം നടക്കുന്ന ഇന്റർനാഷണൽ എക്സ്പോർട്ടേഴ്സ് സമ്മിറ്റിൽ മുതലമട മാങ്ങയ്ക്ക് പ്രത്യേക വിപണന സൗകര്യം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു. കാരിഫോർ, വാൾമാർട്ട്, ലുലു, നെസ്റ്റോ തുടങ്ങിയ ആഗോള വിപണിയിലെ പ്രമുഖ സംരംഭകരും കയറ്റുമതിക്കാരും പങ്കെടുക്കുന്ന സമ്മിറ്റിലൂടെ മുതലമട മാങ്ങയ്ക്ക് ലോകവിപണിയിൽ ഇടം നേടാനുള്ള അവസരം ഒരുക്കും.



മുതലമടയിലെ മാമ്പഴ കൃഷിയിടങ്ങളുടെ ജിയോ മാപ്പിങ് നടത്താനും പ്രത്യേക ഡ്രൈവിലൂടെ മണ്ണുപരിശോധന പൂർത്തിയാക്കി മുതലമടയ്ക്കായി പ്രത്യേക സോയിൽ ടെസ്റ്റിങ് രജിസ്ട്രി തയാറാക്കാനും പ്രിൻസിപ്പൽ കൃഷി ഓഫിസർക്ക് മന്ത്രി നിർദേശം നൽകി. കർഷകരുമായി നേരിട്ട് ചർച്ച നടത്തി മണ്ണുപരിശോധന മുതൽ സമഗ്ര കാർഷിക ഇക്കോസിസ്റ്റം രൂപപ്പെടുത്തുന്നതുവരെയുള്ള നടപടികൾ കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ സ്വീകരിക്കും.

മുതലമടയിലെ ജലലഭ്യതയും ജലസേചന സംവിധാനങ്ങളും മാപ്പ് ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കൃഷിവകുപ്പും ജലസേചന വകുപ്പും സംയുക്തമായി പ്രവർത്തിക്കുമെന്നും മന്ത്രി പറഞ്ഞു. കുറ്റ്യാടി ഓല ഉൾപ്പെടെയുള്ള പരമ്പരാഗത കാർഷിക വിഭവങ്ങളുടെ സാധ്യതകളും പരിശോധിക്കും. അരൂർ ഓലയുമായി ബന്ധപ്പെട്ട പ്രത്യേക ഇക്കോസിസ്റ്റം രൂപപ്പെടുത്തുന്നതും പരിഗണിക്കും.

കൃഷിയിടങ്ങളിലെ വന്യജീവി ആക്രമണം തടയുന്നതിനുള്ള പ്രതിരോധ മാർഗങ്ങളും മുതലമടയിൽ പരീക്ഷിക്കും. ജൈവവേലി ഉൾപ്പെടെയുള്ള ശാസ്ത്രീയ പ്രതിരോധ സംവിധാനങ്ങൾക്കായി ആർ.കെ.വി.വൈ. പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തും. വന്യജീവി ശല്യം പ്രതിരോധിക്കുന്നതിനായി ഈ വർഷം വനംവകുപ്പിന് സർക്കാർ 192 കോടി രൂപ അനുവദിച്ചതായും മന്ത്രി പറഞ്ഞു.

പാലക്കാട് നിന്ന് കർഷകരുടെ ഉൽപന്നങ്ങൾ രാജ്യത്തിന്റെ വിവിധ വിപണികളിലെത്തിക്കുന്നതിനായി കിസാൻ റെയിൽ സർവീസ് നടപ്പാക്കുന്ന കാര്യം റെയിൽവേ മന്ത്രാലയവുമായി ചർച്ച ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

ചിറ്റൂർ എം.എൽ.എ സുമേഷ് അച്യുതൻ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിയാവുദ്ദിൻ, മുതലമട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. തിരുചന്ദ്രൻ, മുതലമട സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് എം. രാധാകൃഷ്ണൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# എംജി ഹെക്ടർ സ്റ്റോം സീരീസ് എഡിഷനുകൾ പുറത്തിറക്കി

**കൊച്ചി:** ജെഎസ്ഡബ്ല്യു എംജി മോട്ടോർ ഇന്ത്യ തങ്ങളുടെ ജനപ്രിയ എസ്യുവിയായ ഹെക്ടറിന്റെ ഹെക്ടർ ബ്ലാക്ക്സ്റ്റോം, ഹെക്ടർ സ്നോസ്റ്റോം എന്നീ ലിമിറ്റഡ് എഡിഷൻ മോഡലുകൾ പുറത്തിറക്കി. കൂടുതൽ ആകർഷകമായ ഡിസൈനും ആധുനിക സാങ്കേതികവിദ്യയും ഉൾപ്പെടുത്തിയാണ് ഈ പ്രത്യേക പതിപ്പുകൾ നിർമ്മിച്ചിരിക്കുന്നത്. ബ്ലാക്ക്സ്റ്റോം മോഡൽ പൂർണ്ണമായും കറുപ്പ് നിറത്തിലും സ്നോസ്റ്റോം മോഡൽ കറുത്ത മേൽക്കൂരയോടുകൂടിയ വെളുത്ത നിറത്തിലുമാണ് ലഭ്യമാകുന്നത്. പുതിയ ഹെക്സ് ഗ്രിൽ, അലോയ് വീലുകൾ, ചുവന്ന ബ്രേക്ക് കാലിപ്പറുകൾ, പ്രീമിയം ബ്ലാക്ക് ഇന്റീരിയർ എന്നിവ ഈ വാഹനങ്ങളുടെ പ്രധാന പ്രത്യേകതകളാണ്.

ഇരു മോഡലുകളും 1.5 ലിറ്റർ ടർബോചാർജ്ഡ് പെട്രോൾ എഞ്ചിനിലും സിവിടി ഗിയർബോക്സ് അടങ്ങിയ 5 സീറ്റർ ക്രമീകരണത്തിലുമാണ് എത്തുന്നത്. 14 ഇഞ്ച് ഇൻഫോടെയ്ൻമെന്റ് സ്ക്രീൻ, ഐസ്മൈൽ... 

ഐസ്മൈപ്പ് ആംഗ്യ നിയന്ത്രണ സംവിധാനം, 70ലധികം കണക്റ്റഡ് ഫീച്ചറുകൾ, ഫുൾ ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ തുടങ്ങിയ സാങ്കേതിക സൗകര്യങ്ങൾ വാഹനത്തിലുണ്ട്.

ഡീലർഷിപ്പിലൂടെ സൗജന്യമായി ലഭിക്കുന്ന സ്റ്റോം പാക്കേജും 3 വർഷത്തെ വാറന്റി ഉൾപ്പെടുന്ന സുരക്ഷാ പാക്കേജും ഇതിനോടൊപ്പം വാഗ്ദാനം ചെയ്യുന്നു.

19,99,800 രൂപ എക്സ്ഷോറൂം വിലയിലാണ് ഈ രണ്ട് ലിമിറ്റഡ് എഡിഷൻ എസ്യുവികളും ലഭ്യമാകുന്നത്.




ആസ്റ്റർ വൺഡി ഫീഡർ സർവീസിന് ടി. ജെ. വിനോദ് എംഎൽഎയും എറണാകുളം എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. ബിജു ഐസക്കും ചേർന്ന് ഫ്ളാഗ് ഓഫ് നിർവ്വഹിക്കുന്നു

# മെട്രോ, ബസ് സ്റ്റേഷനുകളുമായി ബന്ധിപ്പിക്കുന്ന ആസ്റ്റർ വൺഡി ചാർട്ടേഡ് ഫീഡർ സർവീസ് ആരംഭിച്ച് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റിയിലേക്ക് എത്തുന്ന രോഗികൾക്കും സ്റ്റാഫുകൾക്കും ദിവസേനയുള്ള യാത്ര കൂടുതൽ എളുപ്പമാക്കുന്നതിനായി ആസ്റ്റർ വൺഡി ചാർട്ടേഡ് ഫീഡർ സർവീസിന് തുടക്കം കുറിച്ചു. സർവീസ് ഫ്ളാഗ് ഓഫ് ടി. ജെ. വിനോദ് എംഎൽഎയും എറണാകുളം എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. ബിജു ഐസക്കും ചേർന്ന് നിർവ്വഹിച്ചു. ക്ലീൻ സ്മാർട്ട് ബസ് ലിമിറ്റഡും വൺഡി യൂണിഫൈഡ് മൊബിലിറ്റി പ്ലാറ്റ്ഫോമുമായും സഹകരിച്ചാണ് ഫീഡർ സർവീസ് ആസ്റ്റർ മെഡ്സിറ്റി ആരംഭിച്ചത്. 40 സീറ്റുകൾ വീതമുള്ള ആറ് എയർകണ്ടീഷണർ ബസുകളാണ് ഘട്ടമായി സർവീസിനായി ഇറക്കുന്നത്.

ആസ്റ്ററിലേക്ക് എത്തുന്ന സ്റ്റാഫുകൾ, രോഗികൾ, സന്ദർശകർ തുടങ്ങി ആസ്റ്റർ മെഡ്സിറ്റിയുമായി ബന്ധപ്പെട്ട എല്ലാവർക്കും ഈ ഫീഡർ സർവീസ് ഉപയോഗിക്കാവുന്നതാണ്. തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ ചേരാനല്ലൂർ, ഇടപ്പള്ളി, കളമശ്ശേരി, വൈറ്റില, നോർത്ത് പറവൂർ എന്നിവിടങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് സർവീസുകൾ നടത്തുന്നത്. ആസ്റ്ററിൽ നിന്ന് മെട്രോ, ബസ് സ്റ്റേഷനുകളിലേക്ക് ഓരോ 20 മിനിറ്റ് കൂടുമ്പോഴും ഈ ബസുകൾ സർവീസ് നടത്തും.

എഐയിൽ പ്രവർത്തിക്കുന്ന വൺഡി ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റത്തിന്റെ പിന്തുണയോടെയാണ് ഈ ഫീഡർ സർവീസ് പ്രവർത്തിക്കുന്നത്. ആസ്റ്റർ ക്യാമ്പസിൽ സ്ഥാപിച്ചിട്ടുള്ള സ്ക്രീനുകളിൽ ബസ് വരവും പോക്കും സംബന്ധിച്ച തത്സമയ വിവരങ്ങൾ ലഭ്യമാകും.

ബസുകൾക്കുള്ളിലും യാത്രാവിവരങ്ങൾ അറിയുന്നതിനുള്ള സ്ക്രീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ആപ്പ് സ്റ്റോറിലും ഗൂഗിൾ പ്ലേ സ്റ്റോറിലും ലഭ്യമായ വൺഡി ആപ്പ് വഴി ടിക്കറ്റുകൾ ബുക്ക് ചെയ്യാം. ഒന്നിലധികം യാത്രകൾ ഒരുമിച്ച് ബുക്ക് ചെയ്യാനുള്ള സൗകര്യവും പ്രതിവാര, പ്രതിമാസ പാസുകളും ലഭ്യമാണ്.

## ഗ്രീൻസെൽ മൊബിലിറ്റിക്ക് ഡെൻമാർക്ക് ഇംപാക്ട് ഫണ്ടിന്റെ 330 കോടി രൂപയുടെ നിക്ഷേപം

**മുംബൈ:** വിവിധ ബസ് നിർമാതാക്കളുടെ ഇലക്ട്രിക് ബസുകൾ പ്രവർത്തിപ്പിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ പ്ലാറ്റ്ഫോമായ ഗ്രീൻസെൽ മൊബിലിറ്റിയിൽ 330 കോടി രൂപയുടെ ഇക്വിറ്റി നിക്ഷേപം നടത്തി ഇംപാക്ട് ഫണ്ട് ഡെൻമാർക്ക് (ഐഎഫ്ഡികെ). പുതിയ നിക്ഷേപം ഏകദേശം 4,500 ഇലക്ട്രിക് ബസുകൾ നിരത്തിലിറക്കുന്നതിനുള്ള പദ്ധതികൾക്ക് പിന്തുണയേകും. ഇതോടെ രാജ്യത്തെ 105 നഗരങ്ങളിലായി കമ്പനിയുടെ ഇലക്ട്രിക് ബസ് നിര 5,000ത്തിലധികമാകും.

എവെർസോഴ്സ് ക്യാപിറ്റലിന്റെ പോർട്ട്ഫോളിയോ കമ്പനിയായ ഗ്രീൻസെൽ മൊബിലിറ്റി നഗരങ്ങൾക്കുള്ളിലെ ഗതാഗതത്തിലും നഗരങ്ങൾ തമ്മിലുള്ള ഗതാഗതത്തിലും സാന്നിധ്യം ശക്തമാക്കിയിട്ടുണ്ട്. നിലവിലുള്ള ഓർഡറുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും സേവനനിലവാരം മെച്ചപ്പെടുത്തുന്നതിനും നിക്ഷേപം സഹായിക്കുമെന്ന് കമ്പനി അറിയിച്ചു.

വായുമലിനീകരണം കുറയ്ക്കുന്നതിനും ഇന്ത്യയുടെ ഹരിത ഗതാഗതമാറ്റത്തിന് വേഗം കൂട്ടുന്നതിനും ഇലക്ട്രിക് ഗതാഗതത്തിന്റെ വ്യാപനം സഹായിക്കുമെന്ന് ഇംപാക്ട് ഫണ്ട് ഡെൻമാർക്ക് വ്യക്തമാക്കി.



## ഒപ്പോ എഫ്35 സീരീസ് പുറത്തിറക്കി

**കൊച്ചി:** നൂതന സാങ്കേതികവിദ്യയും ആകർഷകമായ സവിശേഷതകളുമായി ഒപ്പോ പുതിയ എഫ്35 സീരീസ് സ്മാർട്ട്ഫോണുകൾ ഇന്ത്യയിൽ അവതരിപ്പിച്ചു. എഫ്35 പ്രോ, എഫ്35 എന്നിങ്ങനെ രണ്ട് മോഡലുകളിലാണ് ഈ സീരീസ് പുറത്തിറങ്ങിയിരിക്കുന്നത്. നൂറ് ഡിഗ്രി ഫീൽഡ് ഓഫ് വ്യൂവുള്ള അമ്പത് മെഗാപിക്സൽ അൾട്രാവൈഡ് നാച്ചുറൽ സെൽഫി ക്യാമറ, എട്ടുപതിനായിരം മില്ലി ആംപിയർ ഹവർ വലിയ ബാറ്ററി, എൺപത് വാട്ട് ചാർജിംഗ് പിന്തുണ, മികച്ച ജലപൊടി പ്രതിരോധം എന്നിവ ഈ പുതിയ ഫോണുകളുടെ പ്രധാന പ്രത്യേകതകളാണ്.

ഒപ്പോ എഫ്35 പ്രോയുടെ ആറ് ജിബി റാമും നൂറ്റിഇരുപത്തിയെട്ട് ജിബി സ്റ്റോറേജുമുള്ള മോഡലിന് 45,999 രൂപയും, എട്ട് ജിബി റാമും നൂറ്റിഇരുപത്തിയെട്ട് ജിബി സ്റ്റോറേജുള്ള മോഡലിന് 49,999 രൂപയും, എട്ട് ജിബി റാമും ഇരുന്നൂറ്റിഅമ്പത്തിയാറ് ജിബി സ്റ്റോറേജുമുള്ള മോഡലിന് 54,999 രൂപയുമാണ് വില വരുന്നത്. ഒപ്പോ എഫ്35ന്റെ ആറ് ജിബി റാമും നൂറ്റിഇരുപത്തിയെട്ട് ജിബി സ്റ്റോറേജുള്ള മോഡലിന് 38,999 രൂപയും, എട്ട് ജിബി റാമും നൂറ്റിഇരുപത്തിയെട്ട് ജിബി സ്റ്റോറേജുള്ള മോഡലിന് 42,999 രൂപയുമാണ് വില.

## മിവി വൺ 5ജി സ്മാർട്ട്ഫോൺ പുറത്തിറക്കി



**കൊച്ചി:** തദ്ദേശീയ ബ്രാൻഡായ മിവി തങ്ങളുടെ ആദ്യ സ്മാർട്ട്ഫോണായ മിവി വൺ 5ജി ഫ്ലിപ്പ്കാർട്ട് ബിഗ് ബില്യൺ ഡേയ്സ് വിൽപ്പനയിലൂടെ പുറത്തിറക്കി. ബാങ്ക് ഓഫറുകൾ ഉൾപ്പെടെ 11,999 രൂപ മുതലാണ് പ്രാരംഭ വില. 128 ജിബി സ്റ്റോറേജിൽ ലഭിക്കുന്ന ഫോണിന്റെ 4 ജിബി റാമിന് 11,999 രൂപയും, 6 ജിബി റാമിന് 13,499 രൂപയും, 8 ജിബി റാമിന് 14,999 രൂപയുമാണ് പ്രത്യേക ഉത്സവകാല വിലകൾ.

ക്വാൽകോം സ്നാപ്ഡ്രാഗൺ 4 ജെൻ 2 പ്രോസസറിൽ പ്രവർത്തിക്കുന്ന ഈ ഫോണിൽ 6.75 ഇഞ്ച് എച്ച്ഡി പ്ലസ് 120 ഹെർട്സ് ഡിസ്പ്ലേയും സ്റ്റോക്ക് ആൻഡ്രോയിഡ് 16 ഓപ്പറേറ്റിംഗ് സിസ്റ്റവുമുണ്ട്. 50 മെഗാപിക്സൽ പ്രധാന ക്യാമറ, 8 മെഗാപിക്സൽ മുൻ ക്യാമറ, 18 വാട്ട് വേഗമേറിയ ചാർജിംഗുള്ള 6000 എംഎഎച്ച് ബാറ്ററി എന്നിവയാണ് പ്രധാന സവിശേഷതകൾ. കൂടാതെ ഐപി64 സംരക്ഷണം, സൈഡ് ഫിംഗർപ്രിന്റ് സെൻസർ, ക്ലിയർടോക്ക് സാങ്കേതികവിദ്യ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. നീല, പിങ്ക്, പച്ച, ബർഗണ്ടി, നേവി ബ്ലൂ എന്നീ അഞ്ച് നിറങ്ങളിൽ ഫോൺ ലഭിക്കും.






# ടാർസൻ ജംഗിൾ കഫേ ശൃംഖലയുമായി ഇബിജി ഗ്രൂപ്പ്

## അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 100ലധികം കഫേകൾ

**ഹൈദരാബാദ്:** പ്രകൃതിയുടെ അനുഭവവും ഭക്ഷണവും സമന്വയിപ്പിക്കുന്ന ടാർസൻ ജംഗിൾ കഫേ എന്ന പുതിയ ശൃംഖലയുമായി ഇബിജി ഗ്രൂപ്പ്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഇന്ത്യയിലെ ഒന്നാം നിര, രണ്ടാം നിര നഗരങ്ങളിലായി 100ലധികം കഫേകൾ തുറക്കുകയാണ് ലക്ഷ്യം. ഹൈദരാബാദിൽ 2027 മാർച്ചോടെ തുറക്കുന്ന ആദ്യ ഫ്ലാഗ്ഷിപ്പ് കഫേ വികസിപ്പിക്കുന്നതിന് രണ്ട് കോടി രൂപയിലധികം രൂപ നിക്ഷേപിക്കും. തുടർന്ന് ബെംഗളൂരു, മുംബൈ, ഡൽഹിഎൻസിആർ തുടങ്ങിയ നഗരങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കും.

കാടിന്റെ അന്തരീക്ഷം പുനഃസൃഷ്ടിക്കുന്ന രൂപകൽപ്പനയും ഫാമുകളിൽനിന്ന് ശേഖരിക്കുന്ന പുതിയ ഭക്ഷ്യവിഭവങ്ങളും കഫേയുടെ പ്രത്യേകതകളായിരിക്കും. പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, പാൽ ഉൽപ്പന്നങ്ങൾ, പ്രോട്ടീൻ സമ്പന്നമായ ഭക്ഷ്യവിഭവങ്ങൾ എന്നിവയുടെ ഉറവിടം തിരിച്ചറിഞ്ഞ് ശേഖരിക്കുന്നതിനാണ് കമ്പനി ലക്ഷ്യമിടുന്നത്. നോ യുവർ സോഴ്സ് എന്ന സമീപനത്തിലൂടെ ഭക്ഷ്യവസ്തുക്കൾ എവിടെനിന്ന് ലഭിക്കുന്നുവെന്ന് ഉപഭോക്താക്കൾക്ക് മനസ്സിലാക്കാനും തിരഞ്ഞെടുക്കപ്പെട്ട ഉൽപ്പന്നങ്ങളുടെ ഉറവിടം ഡിജിറ്റൽ സംവിധാനങ്ങളിലൂടെ അറിയാനും അവസരമൊരുക്കും.

ഭക്ഷണശാലകൾ കേവലം ഭക്ഷണം കഴിക്കാനുള്ള ഇടങ്ങൾ എന്നതിലുപരി ജീവിതശൈലിയുടെയും അനുഭവങ്ങളുടെയും ഭാഗമാകുന്ന മാറ്റമാണ് ഇന്ത്യയിൽ പ്രകടമാകുന്നതെന്ന് ഇബിജി ഗ്രൂപ്പ് സ്ഥാപകനും ചെയർമാനുമായ ഡോ. ഇർഫാൻ ഖാൻ പറഞ്ഞു. പ്രകൃതിയുടെ അനുഭൂതിയും വ്യത്യസ്തമായ അന്തരീക്ഷവും ഭക്ഷണത്തിന്റെ ഉറവിടത്തെക്കുറിച്ചുള്ള വിശ്വാസവും ഒരുമിപ്പിക്കുന്ന ബ്രാൻഡ് സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

ടാർസൻ എക്സ്പ്രസ് (പോഡ്/ കിയോസ്ക്), ടാർസൻ മിഡ്‌വേ കഫേ, 3,500 മുതൽ 5,000 ചതുരശ്ര അടി വരെ വിസ്തീർണമുള്ള ജംഗിൾ ഫ്ലാഗ്ഷിപ്പ് (ജി+1) എന്നിങ്ങനെ മൂന്ന് മാതൃകകളിലാണ് കഫേകൾ ആരംഭിക്കുക. ആദ്യഘട്ടത്തിൽ കമ്പനി നേരിട്ട് നടത്തുന്ന ഔട്ട്ലെറ്റുകൾ ആരംഭിച്ചശേഷം ഫ്രാഞ്ചൈസി മാതൃകയിലേക്ക് വ്യാപിപ്പിക്കും. ഇബിജി ഗ്രൂപ്പിന് നിലവിൽ അധിര ആൻഡ് അപ്പ കോഫിയുടെ 50ലധികം കഫേകൾ, ലെവന്റൈൻ ഭക്ഷണവിഭവങ്ങൾ അവതരിപ്പിക്കുന്ന നാറ്റുഫ് കഫേ, കുട്ടികൾക്കും കുടുംബങ്ങൾക്കുമായി ഹൈദരാബാദിൽ പ്രവർത്തിക്കുന്ന ഛോട്ടാ ഭീം കഫേ എന്നിവയുണ്ട്.

നാഷണൽ റെസ്റ്റോറന്റ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ 2024ലെ ഇന്ത്യ ഫുഡ് സർവീസസ് റിപ്പോർട്ട് പ്രകാരം രാജ്യത്തെ ഭക്ഷ്യസേവന വിപണി 2023 24 സാമ്പത്തിക വർഷത്തിലെ 5.69 ലക്ഷം കോടി രൂപയിൽനിന്ന് 2027 28 സാമ്പത്തിക വർഷത്തോടെ 7.76 ലക്ഷം കോടി രൂപയായി ഉയരുമെന്നാണ് കണക്കാക്കുന്നത്. കുടുംബങ്ങൾ, യുവാക്കൾ, ദമ്പതികൾ, പ്രൊഫഷണലുകൾ എന്നിവരെ ലക്ഷ്യമിടുന്ന ടാർസൻ ജംഗിൾ കഫേ ദൈനംദിന ഭക്ഷണം, വാരാന്ത്യ വിനോദം, ആഘോഷങ്ങൾ, അനൗപചാരിക കൂടിക്കാഴ്ചകൾ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കുള്ള ഇടമായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

# ഉപഭോക്താക്കളുടെ മാറുന്ന താൽപ്പര്യങ്ങളും കാറുകളുടെ കാറുകളുടെ വില വർദ്ധനയും; വാഹന വായ്പകളിൽ വൻ വർദ്ധനവ്

**കൊച്ചി:** ട്രാൻസ്‌യൂണിയൻ സിബിലിന്റെ ഷിഫ്റ്റിംഗ് ഗിയേഴ്സ് 2026 ക്രെഡിറ്റ് ഡ്രൈവ്സ് ടുഡേസ് മൊബിലിറ്റി റിപ്പോർട്ട് പ്രകാരം രാജ്യത്തെ വാഹന വായ്പാ വിപണി പുതിയ വളർച്ചാ ഘട്ടത്തിലേക്ക് കടക്കുകയാണ്. 2019 ആദ്യ പകുതിക്കും 2026 ആദ്യ പകുതിക്കും ഇടയിൽ കാറുകൾ ഉൾപ്പെടെയുള്ള പാസഞ്ചർ വാഹനങ്ങളുടെ ശരാശരി വായ്പാ തുക 49 ശതമാനം വർധിച്ച് 8.2 ലക്ഷം രൂപയായി മാറി. വായ്പാ തിരിച്ചടവ് കാലാവധി അഞ്ച് മാസം വർധിച്ച് 62 മാസമായി ഉയർന്നതായും റിപ്പോർട്ട് വ്യക്തമാക്കുന്നു.



ഉയർന്ന മൂല്യമുള്ള കാർ വായ്പകൾ എടുക്കുന്നവരിൽ 51 ശതമാനവും അർദ്ധനഗര, ഗ്രാമീണ മേഖലകളിൽ നിന്നുള്ളവരാണ്. ഇരുചക്ര വാഹന വായ്പകളിൽ 73 ശതമാനവും പാസഞ്ചർ വാഹന വായ്പകളിൽ 37 ശതമാനവും നൽകി എൻബിഎഫ്സികൾ വാഹന ധനകാര്യ മേഖലയിൽ മുന്നിട്ടുനിൽക്കുന്നു. പാസഞ്ചർ വാഹന വായ്പകളിൽ സ്വകാര്യ ബാങ്കുകളുടെ വിഹിതം 26 ശതമാനമാണ്. 2026 ജൂൺ വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്തെ ഇരുചക്ര വാഹന വായ്പകളുടെ കുടിശ്ശിക 1.76 ലക്ഷം കോടി രൂപയിലെത്തി.

ഇരുചക്ര വാഹന വായ്പകൾ ഇന്ന് വളരെ സാധാരണമായ ഒരു വായ്പാ മാർഗ്ഗമായി മാറിയിരിക്കുന്നു. 2026ന്റെ ആദ്യ പകുതിയിൽ ഇരുചക്രവാഹന വായ്പകൾ എടുത്തവരിൽ 64 ശതമാനവും അർദ്ധനഗര, ഗ്രാമീണ മേഖലകളിൽ നിന്നുള്ളവരും, 43 ശതമാനം പേർ 30 വയസോ അതിൽ താഴെയോ പ്രായമുള്ളവരുമാണ്. ആദ്യമായി വായ്പ എടുക്കുന്നവരേക്കാൾ രണ്ടു വർഷത്തിലധികം വായ്പാ ചരിത്രമുള്ളവരാണ് ഇപ്പോൾ കൂടുതലായി ഇരുചക്ര വാഹന വായ്പകൾ എടുക്കുന്നതെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. സജീവമായ ഇരുചക്ര വാഹന വായ്പക്കാരുടെ എണ്ണം 2019ലെ 1.7 കോടിയിൽ നിന്ന് 2026 ജൂണിൽ 3.3 കോടിയായി ഉയർന്നു.

എസ്.യു.വികളോടും മികച്ച ഫീച്ചറുകളുള്ള വാഹനങ്ങളോടുമുള്ള ഉപഭോക്താക്കളുടെ പ്രത്യേക താൽപ്പര്യമാണ് പാസഞ്ചർ വാഹന വിപണിയിൽ ഉയർന്ന മൂല്യമുള്ള വാഹനങ്ങളിലേക്കുള്ള മാറ്റത്തിന് കാരണമാകുന്നത്.

കാർ ഉടമകളാകുന്നവരിൽ പുതുതലമുറ യുവാക്കൾ എന്നിവരുടെ എണ്ണം കൂടുതലാണെന്നും, പഴയ കാറുകൾക്ക് പകരം പുതിയതും ഉയർന്ന മൂല്യമുള്ളതുമായ വാഹനങ്ങൾ വാങ്ങാൻ ആളുകൾ താല്പര്യം കാണിക്കുന്നുവെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു.

## സമ്മിറ്റ് ആക്ടീവ് അസറ്റ് അലോക്കേറ്റർ ലോംഗ്ഷോർട്ട് ഫണ്ടുമായി സമ്മിറ്റ് എസ്ഐഎഫ്

**കൊച്ചി:** സമ്മിറ്റ് എസ്ഐഎഫ് പുതിയ സമ്മിറ്റ് ആക്ടീവ് അസറ്റ് അലോക്കേറ്റർ ലോംഗ്ഷോർട്ട് ഫണ്ട് അവതരിപ്പിച്ചു. ഇക്വിറ്റി, ഡെറ്റ്, ഇവയുടെ ഡെറിവേറ്റീവുകൾ, ഇൻവിറ്റുകൾ, കമ്മോഡിറ്റി ഡെറിവേറ്റീവുകൾ എന്നിവയിലുടനീളം നിക്ഷേപം നടത്തുന്ന ഒരു ഇന്റർവെൽ നിക്ഷേപ രീതിയാണിത്. ഇതിനുപുറമെ ഡെറിവേറ്റീവുകളിലൂടെ അനുവദിക്കപ്പെട്ട നിക്ഷേപ മാർഗ്ഗങ്ങളിൽ പരിമിതമായ ഷോർട്ട് എക്സ്പോഷറും ഈ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒന്നിലധികം ആർബിട്രേജ് അവസരങ്ങളെ ഒരൊറ്റ പോർട്ട്ഫോളിയോയിൽ സംയോജിപ്പിക്കുന്ന മൾട്ടിആർബിട്രേജ് രീതിയാണ് ഈ ഫണ്ട് പിന്തുടരുന്നത്. അടിസ്ഥാന ആർബിട്രേജിന് പുറമെ സിന്തറ്റിക്, ഇൻഡക്സ്, കമ്മോഡിറ്റി ആർബിട്രേജുകളിലൂടെയും മറ്റ് പ്രത്യേക സാഹചര്യങ്ങളിലൂടെയും കൂടുതൽ നിക്ഷേപ അവസരങ്ങൾ കണ്ടെത്താൻ ഫണ്ട് ലക്ഷ്യമിടുന്നു. ഇടത്തരം കാലയളവിലേക്ക് നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്നവർക്ക് തികച്ചും വ്യത്യസ്തമായ ഒരു നിക്ഷേപ മാർഗ്ഗമാണിത്.

ഫണ്ടിന്റെ ബെഞ്ച്മാർക്ക് 40 ശതമാനം നിഫ്റ്റി 500 ടിആർഐ, 40 ശതമാനം ക്രിസിൽ ഷോർട്ട് ടേം ബോണ്ട് ഫണ്ട് ഇൻഡക്സ്, 20 ശതമാനം ഐകോംഡെക്സ് കോമ്പോസിറ്റ് ഇൻഡക്സ് എന്നിവയായിരിക്കും.

ഫണ്ടിന്റെ എൻഎഫ്ഒ ഒക്ടോബർ 26ന് അവസാനിക്കും. കുറഞ്ഞ നിക്ഷേപ തുക 10,00,000 രൂപയാണ് തുടർന്ന് 1 രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം. അംഗീകൃത നിക്ഷേപകർക്ക് കുറഞ്ഞ നിക്ഷേപം 1,00,000 രൂപയാണ് തുടർന്ന് 1 രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം.

30 ദിവസത്തിനുള്ളിൽ നിക്ഷേപം പിൻവലിച്ചാൽ 0.50 ശതമാനം എക്സിറ്റ് ലോഡും, 30 ദിവസത്തിന് ശേഷവും 60 ദിവസത്തിന് മുൻപും ആണെങ്കിൽ 0.25 ശതമാനം എക്സിറ്റ് ലോഡും ഈടാക്കും. 60 ദിവസത്തിന് ശേഷം പിൻവലിക്കുന്നതിന് എക്സിറ്റ് ലോഡ് ഉണ്ടാകില്ല.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com